# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 568 10.03.2015-ലെ മറുപടിയ്ക്ക്

## സ്വർണ്ണ വില്പനയിലൂടെ ലഭിച്ച നികുതി വരുമാനം .

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര കിലോഗ്രാം സ്വർണ്ണ വില്പന നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; 2010-11 മുതൽ 2014-15 വരെയുള്ള സ്ഥിതിവിവരക്കണക്കുകളുടെയടിസ്ഥാനത്തിൽ ഓരോ വർഷവും നടന്ന സ്വർണ്ണ വില്പനയുടെ മൊത്തം കണക്കുകൾ വെളിപ്പെടുത്താമോ; | (എ) സ്വർണ്ണ വ്യാപാരികൾ ഫയൽ ചെയ്യുന്ന VAT Return ൽ വിറ്റുവരവിന്റെ വിശദാംശങ്ങൾ മാത്രമേ ലഭ്യമാകുകയുള്ളൂ. അളവിന്റെ വിശദാംശങ്ങൾ വ്യാപാരികളുടെ മൊത്തം കണക്കു വിളിച്ച് പരിശോധിച്ചാൽ മാത്രമേ ലഭിക്കുകയുള്ളൂ. കൂടുതൽ വ്യാപരികളും കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനാൽ അത്തരം വിശദ പരിശോധന ഇപ്പോൾ നിലവിൽ ഇല്ല. |
| (ബി) സ്വർണ്ണ വില്പനയിലൂടെ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്ര; | (ബി) സ്വർണ്ണ വില്പനയിലൂടെ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു. |

| വർഷം | സ്വർണ്ണ വില്പനയിലൂടെ ലഭിച്ച വരുമാനം (കോടിയിൽ) |
|---|---|
| 2010-11 | 225.40 |
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.33 |
| 2014-15 (31.01.2015 വരെ) | 382.16 |

(സി) 2010 ഡിസംബർ അവസാനം ഒരു പവൻ സ്വർണ്ണത്തിന് വില എത്രയായിരുന്നു; അതിപ്പോൾ എത്രയായി ഉയർന്നിട്ടുണ്ട്;

(സി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സമർപ്പിച്ച പഠന റിപ്പോർട്ട് അനുസരിച്ച് 2010-11 വർഷം ഒരു പവൻ സ്വർണ്ണത്തിന്റെ ശരാശരി വില 15,382/- രൂപയായിരുന്നു. അതിപ്പോൾ ശരാശരി ഇരുപതിനായിരം രൂപയോളം ഉയർന്നിട്ടുണ്ട്.

(ഡി) സ്വർണ്ണവില്പന വിലയും, വില്പന വർദ്ധനയും, നികുതി വരുമാനത്തിൽ പ്രതിഫലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) ഭൂരിഭാഗം സ്വർണ്ണവ്യാപാരികളും കോമ്പൗണ്ടിംഗ് വ്യവസ്ഥയിലാണ് നികുതി ഒടുക്കുന്നത്. അത് പ്രധാനമായും തലേവർഷം അടച്ച നികുതിയുടെ അടിസ്ഥാനത്തിലാണ് തിട്ടപ്പെടുത്തുന്നത്. ഇപ്പോൾ സ്വർണ്ണവില കുറവ് രേഖപ്പെടുത്തുന്ന സ്ഥിതിയാണുള്ളത്.

(ഇ) 2010-11 ൽ സംസ്ഥാനത്ത് എത്ര സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു; അതിപ്പോൾ എത്രയാണ്?

(ഇ) 2010-11-ൽ സംസ്ഥാനത്ത് 5127 സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അതിപ്പോൾ 5408 ആണ്.

സെക്ഷൻ ഓഫീസർ